(ഡി) ബോഡി ബിൽഡിംഗ് കെ.എസ്.ആർ.ടി.സി. ചെയ്താൽ ഫാസ്റ്റ് പാസ ഞ്ചറിന് ഒരു ബോഡി നിർമ്മിക്കുന്നതിന് 6,13,066 രൂപ ചെലവ് വരും. കെ.എസ്.ആർ. ടി.സി. യുടെ ബോഡി ബിൽഡിംഗ് യൂണിറ്റിൽ അടുത്ത കാലത്തായി സൂപ്പർ ഫാസ്റ്റ്, സൂപ്പർ ഡീലക്സ് ബസ്സുകൾക്ക് ബോഡി ചെയ്തിട്ടില്ല. സ്വകാര്യ കമ്പനികൾക്ക് ബോഡി ബിൽഡിംഗ് നൽകിയാൽ വരുന്ന ചെലവ് താഴെ കൊടുക്കുന്നു.

ഹർഷാ വീൽ മൂവേഴ്സ്-സൂപ്പർ ഫാസ്റ്റ്—5,48,000

ടി.വി.എസ്., തിരുവനന്തപുരം-ഫാസ്റ്റ് പാസഞ്ചർ—5,12,550

ഹൈടെക് ആട്ടോക്രാഫ്റ്റ്-ഫാസ്റ്റ് പാസഞ്ചർ—5,12,550

ഇരിസാർ ടി.വി.എസ്.-സൂപ്പർ ഡീലക്സ്—7,28,000

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ സ്ഥിരം ഒഴിവുകൾ ഒന്നും തന്നെയില്ല.

(എഫ്) 532 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഇതിൽ 109 മിനി ബസ്സുകളും ഉൾപ്പെടുന്നുണ്ട്. ഡിപ്പോ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. †

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം

73 [508] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം നടത്തുന്നതിന് കോർപ്പറേഷന് പ്രത്യേകം യൂണിറ്റ് ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു വർഷം എത്ര ബസ്സ് ബോഡി നിർമ്മിക്കാൻ ഈ യൂണിറ്റിന് കഴിയും;

(സി) എത്ര ബസ്സുകൾക്കുള്ള ബോഡി ഇവിടെ ഒരു വർഷം നിർമ്മിക്കുന്നുണ്ട്;

(ഡി) കെ.എസ്.ആർ.ടി.സി. ബസ് ബോഡി നിർമ്മാണ ജോലി ഇപ്പോൾ പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ടോ; എങ്കിൽ വർഷത്തിൽ എത്ര എന്ന് അറിയിക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബസ് ബോഡി നിർമ്മാണ ജോലി പൂർണ്ണമായും സ്വകാര്യ കമ്പനികൾക്ക് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) ഇതുകൊണ്ട് കോർപ്പറേഷന് ലാഭമുണ്ടാകുമോ;

(ജി) എങ്കിൽ ഓരോ ബസ്സിനും എത്ര തുക വീതം ലാഭം ഉണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കിറ്റുപയോഗിച്ച് നൂറ്റി ഇരുപത് ആൾ മെറ്റൽ ബോഡി നിർമ്മിക്കാൻ കഴിയും.

(സി) പുതിയ രീതിയിലുള്ള ആൾ മെറ്റൽ ബോഡി കിറ്റുപയോഗിച്ച് 97 ബസ്സുകൾ ചെയ്തു.

(ഡി) ഉണ്ട്. 1-1-2003 മുതൽ 31-12-2003 വരെ 126 ബസ്സുകൾ പുറമേ ബോഡി ചെയ്തു.

(ഇ) ഇല്ല.

(എഫ്) ഉണ്ടാകും.

(ജി) ശരാശരി അൻപതിനായിരം രൂപയുടെ ലാഭം ലഭിക്കുന്നതാണ്.

മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ ഉത്തരവുമൂലം കെ.എസ്.ആർ.ടി.സി.ക്കുള്ള ബാധ്യത

74 [509] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലിന്റെ ഉത്തരവുമൂലം കെ.എസ്.ആർ.ടി.സി. എത്ര കോടി രൂപ ക്ലെയിമായി നൽകാനുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly